# ലൈംഗികതയും മലയാളി ജീവിതവും –

# 'ശയ്യാനുകമ്പ' നോവലിനെ മുൻനിറുത്തിയ ആലോചനകൾ

ഡോ. എം. എസ്. പോൾ

ഡോ. ഐശ്വര്യ മാധവൻ

മലയാളനോവലിൽ ഇതുവരെ ചർച്ചചെയ്യപ്പെടാത്ത ജീവിത പ്രശ്നങ്ങളാണ് 'ശയ്യാനുകമ്പ'യിലെ പ്രമേയവും ഇതിവൃത്തവും. ഓരോ ദശകവും സൃഷ്ടിക്കുന്ന മനുഷ്യാവസ്ഥ ചർച്ചചെയ്യപ്പെടേണ്ടതാണ്. സ്വാതന്ത്ര്യാനന്തരം, അൻപതുകൾക്കുശേഷമുള്ള കേരളീയജീവിതം പരിശോധിച്ചാൽ ഓരോ ദശകത്തിലും അഭൂതപൂർവ്വമായ സാമൂഹിക പരിണാമങ്ങൾ കാണാനാകും. എന്നാൽ തൊണ്ണൂറുകളിൽ സംഭവിച്ചതാകട്ടെ ഒരു തകിടംമറിച്ചിലായിരുന്നു. വളരെകുറച്ച് കാലംകൊണ്ട്, നിലനിന്നിരുന്ന വ്യവസ്ഥിതി അപ്പാടെ തകർത്തെറിയപ്പെടുന്നു. മൂല്യങ്ങൾ, വൈകാരികബന്ധങ്ങൾ എന്നിങ്ങനെ സമൂഹം പിൻതുടർന്നുവന്ന പലതും ഇവിടെ അപ്രസക്തമാക്കപ്പെട്ടു. മാധ്യമബഹുലമായ ഒരു സമൂഹം വളരെപ്പെട്ടന്ന് മുഖ്യധാരാജീവിതത്തെ മാറ്റിയെടുത്തു.

ഇത്തരം വിഷയങ്ങളും മനുഷ്യന്റെ മാനസികപ്രതിസന്ധികളും വ്യക്തമായി പരിശോധിക്കുന്ന യൂറോപ്യൻ രാജ്യങ്ങളും, വികസിത രാഷ്ട്രങ്ങളും ഇതിന് പ്രതിവിധിതേടുന്നുണ്ട്. നാല്പതുകളിലെത്തുന്ന പുരുഷനും സ്ത്രീയും അനുഭവിക്കുന്ന ചില പ്രതിബന്ധങ്ങളുണ്ട്. അവയിൽ അധികവും ശാരീരികവും മാനസികവുമായ പ്രശ്നങ്ങളാണ്. അവയെ പലപ്പോഴും സദാചാ സമൂഹം മറ്റൊരു കാഴ്ചപ്പാടിലാണ് സമീപ്പിക്കുക. പലപ്പോഴും പല ഇടങ്ങളിലും അപഹാസ്യരാകാറുണ്ട് ഇവർ. കാലാകാലങ്ങളായി പിൻതുടർന്നുവരുന്ന സാഹിത്യരചനകളിൽ പലപ്പോഴും കോമാളിവേഷം അണിയേണ്ടിവരുന്ന നിരവധി മധ്യവയസ്സ് കഥാപാത്രങ്ങളെ വായനക്കാർക്ക് പരിചിതമാണ്. ഈ വിഷയത്തെ സാമൂഹികശാസ്ത്രപരമായും മന:ശാസ്ത്രപരമായും അപഗ്രഥിക്കുന്ന നോവലാണ് രവിവർമ്മ തമ്പുരാന്റെ 'ശയ്യാനുകമ്പ'. ഒരുപക്ഷെ മിഡിൽ ഏജ് ക്രൈസിസ് എന്ന് വിശേഷിപ്പിക്കാവുന്ന ഈ പ്രശ്നമേഖലയെ അതീവ സൂക്ഷ്മമായി കൈകാര്യംചെയ്യുന്ന നോവലാണ് 'ശയ്യാനുകമ്പ'.ഈ വിഷയത്തെ അപക്വമായി

സമീപിച്ച ഒരു സമൂഹമാണ് നമുക്കുള്ളത് എന്നതുകൊണ്ടാകണം *ശയ്യാനുകമ്പ* നമ്മുടെ സാഹിത്യമണ്ഡലത്തിൽ അത്രയേറ ചർച്ചെയ്യപ്പെടാതെ പോയത്. കേരളീയസമൂഹം വ്യക്തികളുടെ ജീവിതത്തിൽ സ്ഥാപിക്കുന്ന ക്യാമറക്കണ്ണുകൾ വ്യക്തികളുടെ സ്വകാര്യതകൾക്ക് പരിഗണന നൽകാത്തതാണ്. ഇത്തരത്തിലുള്ള നിരവധി പ്രശ്നങ്ങളെ ശയ്യാനുകമ്പ ചർച്ചചെയ്യുന്നുണ്ട്.

രവിവർമ്മ തമ്പുരാന്റെ മാസ്റ്റർപീസ് എന്ന് വിശേഷിപ്പിക്കാവുന്ന നോവലാണ് 'ശയ്യാനുകമ്പ'. 2016- ൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ നോവലിന്റെ കാലികപ്രസക്തി ചോർന്നുപോയിട്ടില്ല. കാലത്തിനുമുൻപേ സഞ്ചരിക്കുന്ന ഒരു എഴുത്തുരീതി രവിവർമ്മ തമ്പുരാന്റെ സാഹിത്യസൃഷ്ടികളിൽ കാണാം. വായനക്കാർ ഒരു കൃതിയെ ഏറ്റെടുക്കുന്നത് സ്വന്തം കാലത്തിന്റെ അവസ്ഥയിൽ നിന്നുകൊണ്ടാണ്. ഒരുപക്ഷേ എഴുതുന്ന കാലത്ത് അല്ലെങ്കിൽ എഴുതപ്പെട്ട കാലത്ത് ചില കൃതികൾ ഏറെ ശ്രദ്ധിക്കപ്പെട്ടുവെന്ന് വരില്ല. സമാനമായ അവസ്ഥയാണ് ശയ്യാനുകമ്പയ്ക്കും ഉള്ളത്. ഈ നോവൽ വീണ്ടും ചർച്ചചെയ്യപ്പെടേണ്ട ഒരു സ്ഥിതിയിലേക്ക് ഇന്ന് കേരള സമൂഹം മാറിയിരിക്കുന്നു. ഇത്തരം സംഭവങ്ങൾ അനുദിനമെന്നോണം നമ്മുടെ മലയാളി സമൂഹത്തിൽ സംഭവിച്ചുകൊണ്ടേ ഇരിക്കുന്നു.

നാല്പതുകളിലെത്തിയ ആനന്ദ്‌വർഗീസ് എന്ന വില്ലേജ് ഓഫീസറിന്റെയും, ചുംബന സമരത്തിനിടയിൽ അയാൾ പരിചയപ്പെട്ട അക്ഷരമേനോൻ എന്ന കൗമാരക്കാരിയുടെയും ഇടയിൽ വളർന്ന അസാധാരണമായ ഒരു ബന്ധത്തിന്റെയും അതിന്റെ അതിദാരുണമായ പരിണാമത്തിന്റെയും കഥപറയുന്ന 'ശയ്യാനുകമ്പ'. പുരുഷജീവിതത്തിന്റെ ഉത്തരാർദ്ധത്തിൽ സംഭവിക്കുന്ന മാനസികവും ശാരീരികവുമായ മാറ്റങ്ങളുടെ വേട്ടയാടലുകൾ, ജീവിതത്തിന്റെ സുഖവും, നിറങ്ങളും, ശരീരത്തിന്റെ ആഘോഷങ്ങളും തൃപ്തികരമല്ലെന്ന ചിന്ത വഴിവിട്ട് പല ചിബന്ധങ്ങൾക്കുമുള്ള അമിതാവേശം മനുഷ്യമനസ്സിൽ ഉണ്ടാക്കുന്നു. കൗമാര-യൗവനങ്ങളിൽ ഒന്നും ലഭിക്കാതെപോയ അനുഭവവും അനുഭൂതിയുമാണ് ആനന്ദിന് അക്ഷരയിൽനിന്നും ലഭിച്ചുകൊണ്ടിരുന്നത്. അതുകൊണ്ടുതന്നെ അവളെ നഷ്ടപ്പെടുത്താൻ വയ്യ അല്ലെങ്കിൽ കഴിയില്ല എന്ന സാഹചര്യത്തിലേക്ക് ആനന്ദ് എത്തിച്ചേരുന്നു. മിഡ് ലൈഫ് ക്രൈസിസിന്റെ വ്യക്തമായ സൂചനയാണ് രവിവർമ്മ തമ്പുരാൻ ഇവിടെ നടത്തിയിരിക്കുന്നത്. കാരണം, അത്തരം ഒരു തലമുറ കേരളത്തിൽ ഉണ്ടായിരുന്നു. അവരാണ് ചില സമയങ്ങളിൽ സദാചാരവാദികളായി മാറുന്നത്.എന്നാൽ സാധ്യതകൾ ലഭിച്ച കഴിഞ്ഞാൽ അതിനൊത്ത് സഞ്ചരിക്കാൻ അവർ തയ്യാറാവുകയും ചെയ്യുന്നു. ഈ വിധം സംഘർഷം നേരിടുന്ന ഒരു

തലമുറയുടെ പ്രതിനിധിയാണ് ആനന്ദ് വർഗീസ്. ഇത്തരത്തിലുള്ള മിഡ് ലൈഫ് ക്രൈസിസിനെയാണ് രവിവർമ്മ തമ്പുരാൻ തന്റെ നോവലിൽ പ്രമേയമാക്കിയിരിക്കുന്നത്.

അതൃപ്തമായ ദാമ്പത്യജീവിതം, ജീവിതത്തിന്റെ ഉത്തരാർദ്ധത്തിലേക്ക് പ്രവേശിക്കുന്ന പുരുഷനെ കാമമോഹിതനാക്കി മാറ്റുന്നു. പ്രണയവും, രതിയും, കാവ്യകാമനകളും ഇടകലർന്ന പ്രക്ഷുബ്ധമായ സാഗരമായി മാറുന്ന അയാളുടെ മനസ്സ് സ്വന്തം ഭാര്യയെ ഉപേക്ഷിക്കാൻ തയ്യാറാകുന്നു. ഇത് അയാളുടെ ജീവിതത്തിന്റെ ഒരു ദുരന്താദ്ധ്യായമായി തീരുന്നു. ഈ സ്വത്വപ്രതിസന്ധിയെയും രവിവർമ്മ തമ്പുരാൻ ശയ്യാനുകമ്പയിൽ ആവിഷ്ക്കരിച്ചിരിക്കുന്നു.

ലൈംഗികത അല്ലെങ്കിൽ ലൈംഗികസമത്വം ഒരു വിഷയമായി ഈ നോവലിൽ നിലനിൽക്കുന്നു. കേരള സമൂഹം അനുഭവിക്കുന്ന ലൈംഗികദാരിദ്ര്യം വളരെ കൃത്യമായി ശയ്യാനുകമ്പയിൽ അവതരിപ്പിച്ചിരിക്കുന്നു. സ്നേഹബന്ധങ്ങളും, പ്രണയവും, രതിയും ഒക്കെ ഇളകി മറിയുന്ന ഒരു മഹാസാഗരമായി ഇവിടെ മാറുന്നു. മദ്ധ്യപ്രായത്തിൽ വഴിമുട്ടുന്ന ജീവിതകാമനകളുടെ പ്രക്ഷുബ്ധമായ മനസ്സാണ് ഇവിടെ കാണാൻ സാധിക്കുന്നത്. 'ചുംബനസമരം' പോലുള്ള സമരരീതികളും ഈ നോവലിലേക്ക് കടന്നുവരുന്നുണ്ട്. 'ബിനാലെ', 'ചുംബനസമരം', ലിറ്ററേച്ചർ ഫെസ്റ്റിവെൽതുടങ്ങിയ പുതിയ സാധ്യതകൾ തുറന്നിട്ട കേരള സമൂഹം ഈ അടുത്ത കാലത്താണ് ഉണ്ടായത്. പരിചയപ്പെടലുകൾക്കും പുതിയ ബന്ധങ്ങൾ ഉണ്ടാകാനും ഉള്ള വിപുലമായ സാധ്യതകൾ ഈ ഇടങ്ങൾ ഒരുക്കിക്കൊടുക്കുന്നു. ഇത്തരത്തിലുള്ള സാംസ്ക്കാരിക വ്യതിയാനവും ഈ നോവലിന്റെ വിഷയപരിധിയിലേക്ക് കടന്നുവരുന്നുണ്ട്. ദയാവധം, ലൈംഗികസമത്വം തുടങ്ങിയ സമകാലിക വിഷയങ്ങളുടെ വേറിട്ട കാഴ്ചകളും നോവൽ സമ്മാനിക്കുന്നു. നിലനിൽക്കുന്ന കുടുംബസങ്കല്പങ്ങളുടെ പൊളിച്ചെഴുത്ത് ഈ നോവലിൽ കാണാൻ സാധിക്കുന്നുണ്ട്. പരമ്പരാഗതമായ, സംതൃപ്തമായ കുടുംബസങ്കല്പത്തെപ്പറ്റിയും അതിന് പുതിയ കാലഘട്ടത്തിൽ തലമുറകൾ തമ്മിലുള്ള മാറ്റത്തിൽ ഉണ്ടായ വ്യത്യസ്തകളെക്കുറിച്ചും വ്യക്തമായ ചിത്രം, നാൽപ്പത്തിയെട്ടിലെത്തിയ ആനന്ദ് വർഗീസ് എന്ന വില്ലേജ് ഓഫീസറിലൂടെയും, ചുംബന സമരത്തിനിടയിൽ അയാൾ പരിചയപ്പെട്ട അക്ഷരമേനോൻ എന്ന ഇരുപതുകാരിയിലൂടെയും നോവലിസ്റ്റ് നമുക്ക് കാട്ടിത്തരുന്നു.

ആഗോള ലോകത്തിലേക്ക് പെട്ടെന്ന് പരിവർത്തനം ചെയ്യപ്പെട്ട മലയാളി അനുഭവിക്കുന്ന സ്വത്വപ്രതിസന്ധിയിലാണ് ഇതിലെ നായക കഥാപാത്രമായ ആനന്ദ് വർഗീസ്. എന്നാൽ നോവലിലെ പെൺകുട്ടി അക്ഷര മേനോൻ ആകട്ടെ ഗ്ലോബലൈസേഷന് ശേഷമുള്ള ഒരു തലമുറയുടെ പ്രതിനിധിയാണ്. ഈ ഒരു മാറ്റം വളരെ മനോഹരമായി നോവലിൽ പ്രവർത്തിക്കുന്നുണ്ട്. നോവലിലെ മുപ്പത്തിനാലാം അദ്ധ്യായത്തിൽ തുടക്കത്തിൽ തന്നെ കൗതുകകരമായ ഒരു പത്രവാർത്തയെപ്പറ്റി പറയുന്നുണ്ട്. മദ്ധ്യവയസ്കന്റെ, മുണ്ടും പറിച്ച് കാമുകി കടന്നുകളഞ്ഞു... ഇത്തരം

വാർത്തകൾ ഇപ്പോൾ സജീവമാണ്. സമൂഹ മാധ്യമങ്ങൾ കേരളീയജീവിതത്തിൽ ഇടപെടലുകൾ നടത്തുവാൻ തുടങ്ങിയ കാലഘട്ടത്തിന്റെ തുടക്കത്തിലാണ് ശയ്യാനുകമ്പയുടെ രചന നടക്കുന്നത്. ആ വാർത്തയ്ക്ക് പിന്നിലെ സെൻസേഷണൽ ജേർണലിസത്തിന്റെ സൂചനകളും ശ്രദ്ധിക്കേണ്ടതാണ്.

ആഖ്യാനശൈലിയുടെ പുതുമകൊണ്ടും, പ്രമേയത്തിന്റെ വൈവിദ്ധ്യംകൊണ്ടും വേറിട്ടു നിൽക്കുന്ന രചനയാണ് 'ശയ്യാനുകമ്പ'. പ്രണയം കൊതിക്കുന്ന പ്രക്ഷുബ്ധങ്ങളായ മഹാസാഗരങ്ങളാണ് ഓരോ മനുഷ്യമനസ്സുമെന്ന് ഈ നോവൽഓർമ്മപ്പെടുത്തുന്നു. ആഗോളവത്ക്കരണത്തിനു ശേഷമുള്ള മലയാളിയുടെ ജീവിതത്തിൽ സംഭവിച്ച മാറ്റങ്ങളുടെ പശ്ചാത്തലത്തിലാണ് ശയ്യാനുകമ്പ വായിക്കപ്പെടേണ്ടത്. ലൈംഗികത, സദാചാരം തുടങ്ങിയ വിഷയങ്ങൾ എന്നും മലയാളിയെ സംബന്ധിച്ച് ആശങ്കാജനകമായി നിലനിൽക്കുന്ന ഒന്നാണ്. ആൺ – പെൺ സ്വത്വസങ്കല്പം വെച്ചുകൊണ്ട് വ്യക്തിയെ തിരിച്ചറിയാനോ, കൃത്യമായി അടയാളപ്പെടുത്തുവാനോ കഴിയാത്ത പൊതുസമൂഹമാണ് ഇന്നും പൊതുവെ ഉള്ളത്. അതിന്റെ പശ്ചാത്തലത്തിലാണ് ശയ്യാനുകമ്പ വായന മുന്നോട്ട് പോകേണ്ടത്. കേരളത്തിലെ സാമ്പ്രദായിക വൈവാഹികജീവിതത്തിന്റെ പ്രശ്നഭരിത പ്രദേശങ്ങളിൽനിന്നാണ് ശയ്യാനുകമ്പ വായിച്ചുതുടങ്ങേണ്ടത്. തൊഴിൽ നേടിയതിനുശേഷം ജീവിതസാഹചര്യം ഒരുക്കിമാത്രം വിവാഹംകഴിക്കേണ്ട സാമൂഹ്യാവസ്ഥ കേരളത്തിലെ പുരുഷന് പൊതുവെ ഉണ്ട്. ഈ അവസ്ഥയിൽ, സ്വാഭാവികമായി വിവാഹജീവിതത്തിലേക്ക് പുരുഷൻ കടക്കുന്നത് മുപ്പതുകളുടെ ഒടുവിലായിരിക്കും. അതിനൊപ്പം തന്നെ ജാതി, മത, പൊരുത്ത, മുഹൂർത്ത വിഷയങ്ങളും വരുന്നുണ്ട്. മദ്ധ്യവയസ്സിൽ വിവാഹ ജീവിതം കഴിക്കേണ്ടതായി വരുന്ന പ്രശ്നത്തെ ഗൗരവമായി അടയാളപ്പെടുത്തുന്ന നോവലാണ് ശയ്യാനുകമ്പ.

**സഹായകഗ്രന്ഥങ്ങൾ**

1. രവിവർമ്മത്തമ്പുരാൻ വി.കെ.- ശയ്യാനുകമ്പ, ഡി.സി. ബുക്സ്, കോട്ടയം, 2016

2. അപ്പൻ കെ.പി. – വിവേകശാലിയയ വായനക്കാരാ, ഡി.സി. ബുക്സ്, കോട്ടയം, 2006

3. പോൾ എം.പി. – നോവൽ സാഹിത്യം, പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1991

4. ബെന്യാമിൻ - ആടുജീവിതം, ഡി.സി.ബുക്സ്, കോട്ടയം, 2008

5. അപ്പൻ കെ.പി. –മാറുന്ന മലയാള നോവൽ, ഡി സി ബുക്സ്, കോട്ടയം, 2007

6. രാജശേഖരൻ പി.കെ. - ഏകാന്തനഗരങ്ങൾ, ഡി സി ബുക്സ്, കോട്ടയം, 2006